# നവരംഗം

An Interactive Digital Magazine



Little Kites
Samooham High School
N Paravur


നവരംഗം

## സന്ദേശം

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസരംഗം ഒന്നാകെ ഉണർന്നു പ്രവർത്തിച്ച വരികയാണ്. നമ്മുടെ വിദ്യാലയവും ഈ കുതിപ്പിനൊപ്പം നീങ്ങുകയാണ്. കുട്ടികളിലെ വിവരസാങ്കേതിക നൈപുണി വികസിപ്പിച്ച് പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ്. കുട്ടികൾ പരിശീലിച്ച സോഫ്റ്റ്‌വെയറുകൾ പ്രയോജനപ്പെടുത്തി അധ്യാപകരുടെ പിന്തുണയോടെ സ്കൂൾ പ്രവർത്തനങ്ങളും സർഗ്ഗാത്മക രചനകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് 'നവരംഗം ഡിജിറ്റൽ മാഗസിൻ'. ഇതൊരു പുതിയ തുടക്കമാകട്ടെ.. തുടർന്നുള്ള പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു..

- ഹെഡ്മിസ്ട്രസ്

**NAVARAMGAM**
**Digital Magazine**
Volume 1, January 2019
**Published by:**
Little Kites, Samooham High School, Republic Road, N Paravur
Ernakulam District, Kerala – 683513
**Get in touch with us:**
Send mail to:samoohamhs@gmail.com
Ph:0484 2443588
https://schoolwiki.in/SamoohamHSNParavur

## Editorial Board

Durga
Krishna
Ann Liya Rose
Ramsiya Navas
Devi M
Shruthy
Saranya
Meghna
Kavya
Sujina
Sreelakshmi
Amaresh
Amal
Prithviraj
Jino
Sidharth
Anto

# EDITORIAL

ഒരുകാലത്ത്
ഗുരുകുല സമ്പ്രദായത്തിലൂടെയായിരുന്നു
വിദ്യ പകർന്നു നൽകിയിരുന്നത്.
ഇന്ന് കാലം മാറിയിരിക്കുന്നു.
വിജ്ഞാനം വിരൽത്തുമ്പിൽ ആണ്.
ഇത് മത്സരത്തിന്റെ ലോകമാണ്.
ഒപ്പമെത്താൻ നമ്മളും സജ്ജരാകണം.
വിലപ്പെട്ട ഓരോ അറിവും
വളരെ പെട്ടെന്ന് തന്നെ
എല്ലാവരിലേക്കും എത്തിക്കാൻ
ഞങ്ങൾ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു.
"നവരംഗം" ജനിക്കുന്നു.
പറവൂർ സമൂഹം ഹൈസ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ
ഈ എളിയ സംരംഭം
എല്ലാവരുടെയും അനുഗ്രഹാശിസ്സുകൾ
പ്രതീക്ഷിച്ചുകൊണ്ട്
സമർപ്പിക്കുന്നു.







## താളുകൾ മറിക്കുമ്പോൾ..

ആത്മകഥ......6
ഉണ്ണിമഴ......7
അമ്മുവും അമ്മയും......8
പ്രത്യാശ......9
മുത്തശ്ശിമരം......10
സ്നേഹം......11
കുട്ടികളുടെ ചിത്രങ്ങൾ......12
ഫോട്ടോഗ്രാഫി ടിപ്......14
ജീവിത വിജയം......15
കരനെൽകൃഷിയിൽ നൂറുമേനി വിളവ്......16
ഊർജ്ജ സംരക്ഷണം നമ്മുടെ വീട്ടുകളിൽ......17
CROSS WORD......18
Cross Word Answers ഓർമ്മച്ചെപ്പ് - വീഡിയോ കാണാം......19
സ്കൂൾ പ്രവർത്തനങ്ങൾ ചിത്രങ്ങളിലൂടെ......20
സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ......21







# ആത്മകഥ

**ഞാ**നൊരു മുത്തശ്ശിയാണ് പക്ഷേ ഒരു മരമുത്തശ്ശി ആണെന്ന് മാത്രം. വർഷങ്ങളായി ഞാനീ സരസ്വതി ക്ഷേത്രത്തിലെ ഒരു അംഗമാണ്. 1953ൽ ആരംഭിച്ച ഈ വിദ്യാലയത്തിലെ മുന്നോട്ടുള്ള ഓരോ പടിക്കെട്ട് കയറുമ്പോഴും ഞാനും വളർന്നു. ഈ വിദ്യാലയത്തിന് ആദ്യം നേതൃത്വം നൽകിയത് ശ്രീനാരായണ അയ്യരും ശ്രീ ഹരിഹര സുബ്രഹ്മണ്യം അയ്യരും ആണ്. എന്നെപോലെ നിങ്ങൾക്കും സുപരിചിതമായ പലരും എന്റെ മുന്നിലൂടെയാണ് കളിച്ചുവളർന്നത്. അവർ ഇന്ന് പ്രസിദ്ധമായ പല മേഖലയിലും തിളങ്ങിനിൽക്കുന്നു. കവിയും സിനിമ താരവും ഒപ്പം തിരക്കഥാകൃത്തുകൂടിയായ ബാലചന്ദ്രൻ ചുള്ളിക്കാട് , പ്രശസ്ത സിനിമാതാരമായ കെടാമംഗലം വിനോദ്, സിനിമയിലൂടെയും സീരിയലിലൂടെയും പ്രശസ്തനായ മുരളീമോഹൻ, ഹൃദയതാളം അറിഞ്ഞു ചികിത്സിക്കുന്ന ഡോക്ടർ മനു വർമ്മ , ആശയങ്ങളെ അക്ഷരം ആക്കി കവിതയിലൂടെ പ്രശസ്തനായ കവി പറവൂർ രാജഗോപാൽ, പ്രശസ്ത ഗായിക ദുർഗ വിശ്വനാഥ് , സിനിമാതാരം ശബരീഷ് വർമ്മ, ഗായകരായ കൃഷ്ണൻ വി, ശരത് സുഗുണൻ ഒപ്പം നർത്തകിയും മോണോആക്ട് കലാകാരിയുമായ അമൃത വർഷ കഥാപ്രസംഗ കലാകാരനായ ആകാശ് ആഞ്ജനേയൻ ഇവരെല്ലാം എന്റെ ചുവട്ടിലിരുന്ന് കളിച്ചും പഠിച്ചും വളർന്നവരാണ്. എന്റെ വിശാലമായ തണലും ശുദ്ധമായും എല്ലാം ഇന്നും വളർന്നുവരുന്ന തലമുറയ്ക്ക് നൽകുന്നു. വടക്കൻ പറവൂരിലെയും പരിസരപ്രദേശങ്ങളിലേയും നിർധനരായ വിദ്യാർത്ഥികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പറവൂർ ബ്രാഹ്മണസമൂഹം ആരംഭിച്ച ഈ വിദ്യാലയം ഇന്നും അതേ പ്രൗഢിയോടെ തന്നെ നിലനിൽക്കുന്നു.





## ഉണ്ണിമഴ

മാനത്തുനിന്നൊരു കുഞ്ഞിമഴ
മണ്ണിലേക്കോടിക്കുതിച്ചു വന്നു
മണ്ണിലുരുണ്ടു വിരണ്ടു വീണു
ചാടിക്കളിക്കുമൊരുണ്ണിമഴ

വഴികളിൽ നീളെ നടന്നിടുന്നു
കുഴികളിൽ വീണു നിറഞ്ഞിടുന്നു
തോപ്പുകൾ തോറുമൊളിച്ചിടുന്നു
തോടുകൾ തോറും തിമിർത്തിടുന്നു

കാടുകൾക്കുള്ളിലലഞ്ഞിടുന്നു
മേടുകൾ കേറിമറിഞ്ഞിടുന്നു
കടലലക്കൈകളിൽ ഊങ്ങിടുന്നു
കാറ്റിനോടൊത്തു കളിച്ചിടുന്നു

കണ്ടിട്ടു കൗതുകം കൊണ്ടു സൂര്യൻ
കൈകളിൽ വാരിയെടുത്തിടുന്നു...

അഭിനവ് . വി
5 A

# അമ്മുവും അമ്മയും

ഒരിക്കൽ ഒരു വീട്ടിൽ അമ്മു എന്ന കുട്ടി താമസിച്ചിരുന്നു. അമ്മു ഒരു മിടുക്കി ആയിരുന്നു. നന്നായിട്ട് പഠിക്കും, പടം വരക്കും, പാട്ടും നൃത്തവും ചെയ്യും, പക്ഷെ അവൾ അമ്മയെ അനുസരിക്കാറില്ലായിരുന്നു. ഒരു ദിവസം അമ്മു ഫ്രിഡ്ജിൽ നിന്ന് തണുത്ത വെള്ളം എടുത്ത് കുടിച്ചു. "തണുത്ത വെള്ളം കുടിച്ചാൽ പനിവരും മോളേ.."' അമ്മ പറഞ്ഞു. പക്ഷെ അമ്മു അതനുസരിക്കാതെ തണുത്ത വെള്ളം കുടിച്ചു.

പിറ്റേ ദിവസം അമ്മുവിന് പനി പിടിച്ചു. തണുത്ത വെള്ളം കുടിച്ചോ എന്ന് ചോദിച്ചപോൾ അമ്മു തലത്താഴ്ത്തി നിന്നതേയുള്ളൂ. അമ്മ പറഞ്ഞു ഞാൻ പറയുന്നത് അനുസരിക്കണം. അതാണ് നല്ല കുട്ടിയുടെ ലക്ഷണം. അന്നുമുതൽ അവൾ നല്ല അനുസരണയുള്ള കുട്ടിയായി മാറി.



ഗ്രീറ്റ മറിയം ജോർജ്
7 A

# പ്രത്യാശ

71 വർഷം മുമ്പ് എല്ലാവരും ഒത്തൊരുമയോടെ നിന്ന് നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ 2018ലെ വാർഷികം പ്രളയദുരിതത്തിൽ ആഴ്ന്നു. ജാതിമത സാമ്പത്തിക ബോധം എല്ലാവരെയും കീഴടക്കിയപ്പോൾ വർഷങ്ങൾക്കുശേഷം എല്ലാവരും ഒരു കൂരക്കുള്ളിൽ കഴിഞ്ഞ നിമിഷങ്ങൾ. ദുരിതത്തിൽ കൂട്ടുനിൽക്കുന്നത് ആരെന്ന് മനസ്സിലാക്കിത്തന്നു. മഹാബലി തമ്പുരാൻ വചനങ്ങൾ ആയ "മനുഷ്യരെല്ലാരുമൊന്നുപോലെ" എന്നതിനെ അർത്ഥവത്താക്കുന്ന ദിവസങ്ങളായിരുന്നു കടന്നു പോയത്. ജാതിക്കും മതത്തിനും പണത്തിനപ്പുറം "ഒരുമ" എന്നൊന്നുണ്ട് എന്ന് കേരള ജനത തിരിച്ചറിഞ്ഞു. പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ എന്നൊന്നുമില്ല. ഒരേ പായയിൽ ഉറങ്ങിയും ഒരേ പാത്രത്തിൽ ഉണ്ടും കഴിഞ്ഞ ദിവസങ്ങൾ. പ്രളയത്തിന് മുൻപുവരെ വിശപ്പ് എന്തെന്ന് തിരിച്ചറിയാതിരുന്ന കേരള സമൂഹം പ്രളയ ദിനങ്ങളിൽ വിശന്നു വലഞ്ഞു. വെള്ളം കേരളത്തെ ദുരിതത്തിലാഴ്ത്തിയപ്പോൾ ഒരുതുള്ളി കുടിവെള്ളത്തിനായി മനുഷ്യർ വേവലാതിപ്പെട്ടു. ഒരു നേരത്തെ ഭക്ഷണത്തിന് ദാഹജലത്തിന് കാത്തു കാത്തു കഴിഞ്ഞ നിമിഷങ്ങൾ. പ്രളയത്തിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ കടലമ്മയുടെ മക്കൾ മുന്നിട്ടിറങ്ങിയപ്പോൾ അവിടെ കാണാൻ കഴിഞ്ഞത് കേരള ജനതയുടെ ഒത്തൊരുമ ആയിരുന്നു. എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവനായി ഓരോ മനുഷ്യരും മാറി അന്യ സംസ്ഥാനങ്ങൾ കേരളത്തിന്റെ അതിജീവനത്തിനായി മനസ്സുരുകി പ്രാർത്ഥിച്ചു. പിഞ്ചുകുഞ്ഞുങ്ങൾ അവരുടെ നിക്ഷേപങ്ങൾ കേരളത്തിനായി വച്ചുനീട്ടി. പക്ഷേ എന്തൊക്കെയായാലും പ്രളയത്തിനുശേഷം മനുഷ്യർ വീണ്ടും പഴയ അവസ്ഥയിലേക്ക് തിരികെ വന്നു. സ്നേഹത്തോടെയും സാഹോദര്യത്തോടെയും കഴിഞ്ഞിരുന്ന ദിനങ്ങൾ കാറ്റിൽ പറത്തി വീണ്ടും മനുഷ്യർ സ്വാർത്ഥരായി മാറിയിരിക്കുന്നു. പ്രളയം കേരളത്തിന് നാശനഷ്ടം വരുത്തിയെങ്കിലും മനുഷ്യമനസ്സിലെ സ്വാർത്ഥതയ്ക്ക് മാത്രം യാതൊരുവിധ നാശവും വന്നിട്ടില്ല. ആപത്ഘട്ടത്തിൽ നാം കണ്ട സ്നേഹവും സാഹോദര്യവും ഭാവിയിലേക്കും കേരളത്തിൽ നിലനിൽക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# മുത്തശ്ശിമരം

വേനലിൻ ചൂടിൽ തണലേകി

ഞാൻ നിനക്കെന്നുമൊരു കൂട്ടായ്-

ഈ പാതയിൽ തന്നെ

മൊട്ടിട്ടു തളിർത്തീയെൻ കൊച്ചു

പൂക്കളെ നോക്കി നീ-

കൊച്ചു പുഞ്ചിരി പകർന്നൊരാനേരം

എന്റെ മനസ്സിന്നടിത്തട്ടിൽ ഒരു

കുളിർമഴ കോരിത്തരിച്ചതു പോലെ

നീയെൻ മടിത്തട്ടിൽ തലവെച്ചു ചായവെ

ഞാൻ നിനക്കമ്മതൻ ചൂട്ടും പകർന്ന നാൾ

ഓർക്കുന്നു ഞാനിന്നു ഒറ്റക്കിരിക്കവേ


മധുരം പകർന്നൊരാ കൊച്ചുനിമിഷങ്ങൾ...

ദേവി.എം
9 A

# സ്നേഹം

തണുത്തുറഞ്ഞ മേഘപാളികൾക്കിടയിൽ നിന്നും ഊർന്നിറങ്ങിയ ആ നീർധാര പ്രകൃതിയെ മുഴുവൻ ആനന്ദത്തിൽ ആഴ്ത്തിയിരുന്നു.  സ്കൂളിൽ നിന്നും നീണ്ട മണിയുടെ ശബ്ദം ഇരച്ചിറങ്ങുന്ന മഴപോലെ വിദ്യാർത്ഥികളുടെ ആർത്തിരമ്പൽ അവിടമാകെ പരന്നു. നനവു പറ്റിയ മണ്ണിന്റെ സുഗന്ധം അവളെ കോരിത്തരിപ്പിച്ചു. തെക്കൻ മലനിരകളെ തഴുകിത്തലോടിയെത്തിയ കാറ്റ് അവളുടെ മുടിയിഴകളിൽ തലോടി. വീട്ടുപടിക്കലെത്തിയപ്പോൾ ഓടിക്കയറി ഉമ്മറപ്പടിയിലിരുന്നു.    "മോളെ അനു" അകത്തുനിന്നും അമ്മയാണ് . ബാല്യകാലത്തിലെ പക്വതയെത്തിയ പോലെയുള്ള അവളുടെ ശബ്ദത്തിൽ "അമ്മേ.. എന്തൊരു മഴയാല്ലേ..? ഉം.. അതെ നീ ആകെ നനഞ്ഞു. പോയി വേഷം മാറി വാ..”  അവൾ വേഷം മാറി വന്ന് അമ്മയോടൊപ്പം സ്കൂളിലെ വിശേഷങ്ങൾ പറഞ്ഞിരുന്നു. എന്നും അവർ അങ്ങനെയാണ്. അവർക്ക് എന്നും അവർ മാത്രമാണ് കൂട്ടും. വല്ലപ്പോഴും അയൽക്കാരുടെ എത്തിനോട്ടവും.. അതിനാലാണ് ബാല്യത്തിലെ കുസൃതിയിലും അനുവിനെ പക്വതയാർന്ന പെരുമാറ്റം. വർഷങ്ങൾക്കുമുമ്പ് -അന്ന് അവൾ ഒരു നാലുവയസുകാരി ആയിരുന്നു. അച്ഛനുമമ്മയും അനുവും അടങ്ങുന്ന ഒരു ചെറിയ കുടുംബം. വീടുമുഴുവൻ അനുവിനെ കളിചിരികളായിരുന്നു. പക്ഷേ ആ സന്തോഷം അധികം നീണ്ടുനിന്നില്ല. അച്ഛന്റെ മരണം.. അത് അനുവിനെ വല്ലാതെ തളർത്തി. നാഥനില്ലാത്ത വീടുമായി പൊരുത്തപ്പെടാൻ അമ്മയ്ക്ക് സാധിച്ചില്ല. ആത്മഹത്യ എന്ന തീരുമാനം പോലും ആ സ്ത്രീ എടുത്തു. പറക്കമുറ്റാത്ത പെൺകുഞ്ഞിനെ ജീവിതം വച്ച് ചൂതാടാൻ അവൾ തയ്യാറായില്ല. അവിടെ നിന്നും തുടങ്ങിയതാണ് അവരുടെ പോരാട്ടം. പക്ഷേ അവൾ അമ്മയ്ക്ക് തണലായത് അനുവാണ്. സഹപാഠികളിൽ നിന്നും അവൾ വ്യത്യസ്തയാണ്. തന്റെ അമ്മയെ പൊന്നുപോലെ നോക്കണം.


വർഷങ്ങൾക്കുശേഷം അവളുടെ സ്വപ്നം സാക്ഷാത്കരിച്ചു. ഇന്നവൾക്ക് ഒരു ജോലിയുണ്ട്. തളർന്നുപോയ അമ്മയെ അവളിന്ന് നന്നായി നോക്കുന്നു. ഇന്നവൾ ഒറ്റയ്ക്കാണ്. പക്ഷേ ഒറ്റപ്പെടലിനെ സുഖം അവൾ ആസ്വദിക്കുന്നു. ഏകാന്തതയിലും അച്ഛൻറെ സാന്നിധ്യം അവൾക്ക് ആശ്വാസമേകുന്നുണ്ടാകും. അതുകൊണ്ടാകാം ഇന്നുംഅവൾ വളരെ സന്തോഷത്തോടെ കഴിയുന്നത്.




സാന്ദ്ര അനിൽകുമാർ
ക്ലാസ്സ് 10 A

# കുട്ടികളുടെ ചിത്രങ്ങൾ




















# ഫോട്ടോഗ്രാഫി ടിപ്പ്

## UNDERSTANDING
## Shutterspeed - Aperture - ISO





**When exposure is likened to water:**

To shoot a photo at standard exposure, you need a full cup of water.

The aperture is the faucet (Controller).

The shutter speed is how long the faucet is open.

The ISO speed is the size of the cup



## ജീവിത വിജയം

ഉളിയുടെ വേദനയറിഞ്ഞ കല്ലേ
നല്ലൊരു ശിലയായി മാറീട്ടുള്ളൂ

തീയുടെ വേദനയറിഞ്ഞ പൊന്നേ
ആഭരണമായി മാറീട്ടുള്ളൂ

മണ്ണിൽ കിടന്നു മരിച്ച വിത്തേ
വലിയൊരു മരമായി മാറീട്ടുള്ളൂ

തീച്ചൂളയിൽ വെന്ത മണ്ണേ
കളിമൺ പാത്രമായി മാറീട്ടുള്ളൂ

കൊല്ലന്റെ ശിക്ഷയേറ്റ ഇരുമ്പേ
നല്ല ആയുധമായി മാറീട്ടുള്ളൂ

ഉരലിൽ കിടന്നു നൊന്ത നെല്ലേ
ഒരു നല്ല അരിമണിയായിട്ടുള്ളൂ

പ്രതിസന്ധികൾ തരണം ചെയ്ത മർത്യൻ
നിശ്ചയം ഉയരത്തിലെത്തുമെന്നും

- ഏബൽ സാം , 8 A

# കരനെൽകൃഷിയിൽ നൂറുമേനി വിളവ്

ഈ വർഷം പറവൂർ സമൂഹം ഹൈസ്കൂളിൽ ഒരുക്കിയ കരനെൽകൃഷിയിൽ നൂറുമേനി വിളവ് ലഭിച്ചു. പറവൂർ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പള്ളിയാക്കൽ സഹകരണ സംഘത്തിന്റെ സഹായത്തോടെ ജൂലൈയിൽ ആരംഭിച്ച നെൽകൃഷിയുടെ വിത്ത് വിതക്കൽ പറവൂർ നഗരസഭാ ഉപാദ്ധ്യക്ഷ ശ്രീമതി ജെസ്സി രാജു നിർവഹിച്ചു. ഒരേക്കറോളം സ്ഥലത്താണ് കരനെൽകൃഷി ഒരുക്കിയത്. കേരളപ്പിറവി ദിനത്തിൽ ഇതിന്റെ വിളവെടുപ്പ് ബഹു:പറവൂർ നഗരസഭാദ്ധ്യക്ഷൻ ശ്രീ രമേഷ് ഡി കുറുപ്പ് നിർവഹിച്ചു. കൃഷിയുടെ പുതുപാഠം ഇന്നത്തെ തലമുറയിലേക്ക് പകർന്നു നൽകുവാൻ ഈ കരനെൽകൃഷികൊണ്ട് ഈ വിദ്യാലയത്തിന് സാധിച്ചു.  പി ടി എ പ്രസിഡന്റ് എൻ എസ് അനിൽകുമാർ , മാനേജർ കെ ആർ ചന്ദ്രൻ, പൂർവ വിദ്യാർത്ഥിയും നടനുമായ വിനോദ് കെടാമംഗലം, പ്രധാനാദ്ധ്യാപിക എൻ പി വസന്തലക്ഷ്മി എന്നിവർ സന്നിഹിതരായിരുന്നു.




# ഊർജ്ജ സംരക്ഷണം നമ്മുടെ വീട്ടുകളിൽ

ഉപയോഗം കഴിഞ്ഞതിനുശേഷം ഫാനുകളും ലൈറ്റുകളും ഓഫ് ചെയ്യുക. ഫൈവ്സ്റ്റാർ എസികളും ഫ്രിഡ്ജുകളും ഉപയോഗിക്കുക. ഇത് ഊർജ്ജ ശോഷണം തടയാൻ സഹായിക്കും. വൈകുന്നേരം 6.30 മുതൽ 10.30 വരെ ഇലക്ട്രിക് ഉപകരണങ്ങൾ മിതമായി മാത്രം ഉപയോഗിക്കുക. പാചകം ചെയ്യുമ്പോൾ അടച്ചുവച്ച് കൊണ്ട് പാകം ചെയ്യുക. ഇതുവഴി പാചകവാതകം ലാഭിക്കാം. ചൂടാറാപ്പെട്ടി, പ്രഷർകുക്കർ എന്നിവ ഉപയോഗിച്ച് ആഹാരം പാകം ചെയ്യുക. ട്യൂബുകളും ബൾബുകളും മാറ്റി LED വാങ്ങുക. LED ബൾബുകൾ കുറഞ്ഞ ഊർജ്ജം ഉപയോഗിച്ച് കൂടുതൽ പ്രകാശം നൽകും. സോളാർ കുക്കർ, സോളാർ ഹീറ്റർ, സോളാർ ലാമ്പ് തുടങ്ങിയവ ഉപയോഗിക്കുക. വൈദ്യുതി ഉപയോഗം ഇതിലൂടെ കുറയ്ക്കാം. പാഴായിപ്പോകുന്ന ജലത്തിൻറെ അളവ് പരമാവധി കുറയ്ക്കുക. പൊതു യാത്രാസൗകര്യങ്ങൾ കഴിയുന്നത്ര ഉപയോഗിക്കുക. ഉപയോഗിക്കുന്ന യന്ത്രങ്ങൾ കാര്യക്ഷമത കൂടിയതാണെന്ന് ഉറപ്പുവരുത്തുക.






**– ഫർസാന ഷമീർ**
**9 A**

**ഊർജ്ജോത്സവത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ രചന**



# CROSS WORD






**Across**

1. Patricia was washing dishes every night for a week. She washed 32 dishes each night. How many dishes did she wash?

3. Samuel had 5 pet bunnies. Each bunny had 23 toys. How many toys did all the bunnies have together?

5. Benny bunny had a lot of children. He put 4 children in each bedroom and filled up 93 bedrooms. How many kids did Benny bunny have?

6. Alfred the Leprechaun wanted to give 8 pots of gold to each of his friends. Alfred had 21 friends. How many pots of gold does Alfred need?

7. Write these numbers in order from smallest to biggest: 552, 65, 91, 866

**Down**

2. Write these numbers in order from biggest to smallest: 30, 265, 19, 28

3. Sal was going to buy 6 chocolate bars. Each chocolate bar cost 17 cents. How much money does Sal need?

4. Solve this problem: 65 x 9 = ____________

7. Quick, quick! What's 8 x 8?

8. Paul wanted to plant some tomatoes. He had 25 rows to plant and he could fit 8 plants in each row. How many tomatoes could Paul plant?

## Cross Word Answers

Across:
1. 32x7=224
3. 23x5=115
5. 93x4=372
6. 21x8=168
7. 65,91,552,886

Down:
2. 19,28,30,265
3. 6x17=102
4. 65x9=585
7. 8x8=64
8. 25x8=200

## ഓർമ്മച്ചെപ്പ് – വീഡിയോ കാണാം



## വാഴച്ചാലിൽ 21/01/2019 ൽ നടത്തിയ പ്രകൃതി പഠന ക്യാമ്പ്









https://www.facebook.com/SamoohamHSNParavur

https://plus.google.com/u/0/

# സ്കൂൾ പ്രവർത്തനങ്ങൾ ചിത്രങ്ങളിലൂടെ...



















# സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ



- ഒരിക്കൽ പോസ്റ്റ് ചെയ്തു പോയ കാര്യങ്ങൾ പിന്നീട് വീണ്ടുവിചാരമുണ്ടാകുമ്പോൾ പിൻവലിക്കാൻ ശ്രമിക്കുന്നതിനു മുൻപേ തന്നെ അനേകം ആളുകൾ ആ വിവരങ്ങൾ കാണാനും ചിലർ അവരുടെ കമ്പ്യൂട്ടറിലേക്ക് ഡൌൺലോഡ് ചെയ്യുവാനും പ്രചരിപ്പിക്കുവാനും സാധ്യതയുണ്ട്.

- വ്യക്തിപരമായ വിവരങ്ങൾ തികച്ചും സ്വകാര്യമായി തന്നെ സൂക്ഷിക്കുക. ഇവ പങ്കുവെക്കുന്നത് ഭാവി ജീവിതത്തെ തന്നെ ബാധിച്ചേക്കാം.

- അശ്ലീല സന്ദേശങ്ങളും ഭീഷണികളും നിയമപരമായി കുറ്റകൃത്യങ്ങളിൽ പെടുന്നവയാണ്. ഇത്തരം കൂട്ടുകെട്ടുകളിൽ നിന്നും അകന്നു നിൽക്കുക.

- അനുചിതവും അപമാനകാരവുമായ പോസ്റ്റുകൾ ഏതൊരാൾ നടത്തിയാലും ഉടനെ രക്ഷകർത്താക്കളെയോ അദ്ധ്യാപകരെയോ അറിയിക്കുക.

- ഇന്റർനെറ്റിന്റെ നല്ല വശങ്ങൾ മനസ്സിലാക്കി അതിലൂടെ അറിവ് സമ്പാദിക്കുക. അത് ദുരുപയോഗം ചെയ്യുന്നവരെ നിങ്ങളുടെ സൗഹൃദവലയത്തിൽ നിന്നും നീക്കുക.

# TEAM LITTLE KITES






NAVARAMGAM
Digital Magazine
2019